# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം: 3209 | 20.06.2014 -ൽ മറുപടി നൽകേണ്ടത്

## വസ്തു നികുതി പരിഷ്ക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. എ. ആരിഫ് | ഡോ. എം. കെ. മുനീർ<br>പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പു മന്ത്രി |
| (എ) പഞ്ചായത്തുകളിലെ വസ്തു നികുതി പരിഷ്ക്കരണം ഏതു ഘട്ടത്തിലാണ് ; | (എ) വാർഷിക മൂല്യം കണക്കാക്കി വസ്തു നികുതി നിർണ്ണയം നടത്തുന്നതിന് പകരം തറവിസ്തീർണ്ണം കണക്കാക്കി വസ്തു നികുതി പരിഷ്കരിയ്ക്കുന്നതിന് ഉദ്ദേശിച്ച് 2009-ൽ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ ഭേദഗതി ചെയ്യുകയുണ്ടായി. അതിനു ശേഷം 2011-ൽ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ വിജ്ഞാപനം ചെയ്യുകയും അതോടൊപ്പം വ്യത്യസ്ത ഉപയോഗത്തിൽ കെട്ടിടങ്ങൾക്ക് ചുമത്തേണ്ട പരിഷ്കരിച്ച വസ്തു നികുതി നിരക്ക് നിശ്ചയിച്ചും 14-01-2011-ലെ സ. ഉ (എം.എസ്) നം. 19/2011/തസ്വഭവ നമ്പർ പ്രകാരം സർക്കാർ വിജ്ഞാപനം ചെയ്യുകയുണ്ടായി. അതനുസരിച്ചുള്ള നടപടികൾ ഗ്രാമപഞ്ചായത്തുകളിൽ യഥാസമയം തുടങ്ങിയെങ്കിലും വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് നിശ്ചയിച്ച നികുതി നിരക്ക് വളരെ കൂടുതലാണെന്ന വ്യാപകമായ പരാതികളെ തുടർന്ന് വസ്തുനികുതി ചട്ടങ്ങളിൽ ഭേദഗതി വരുത്തുവാൻ തീരുമാനിച്ചിരുന്നു. തുടർന്ന് 2013-ൽ ഭേദഗതി ചട്ടങ്ങൾ വിജ്ഞാപനം ചെയ്യുകയും വസ്തു നികുതി പരിഷ്കരണ നടപടികൾ പുനരാരംഭിക്കുന്നത് സംബന്ധിച്ച സ്പഷ്ടീകരണം പുറപ്പെടുവിക്കുകയും ചെയ്തു. അതനുസരിച്ച് നികുതി പരിഷ്കരണ നടപടികൾ ഗ്രാമപഞ്ചായത്തുകളിൽ പുരോഗമിക്കുകയാണ്. ഇതിനായി ഐ.കെ.എം സഞ്ചയ എന്ന പേരിൽ സോഫ്റ്റ് വെയർ വികസിപ്പിച്ചിട്ടുണ്ട്. നിലവിലുള്ള കെട്ടിടങ്ങളുടെ എൻട്രി സംബന്ധിച്ചുള്ള വിവരങ്ങൾ |

www.sanchaya.lsgkerala.gov.in എന്ന വെബ് സൈറ്റിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | എന്നുമുതലാണ് പുതിയ വസ്തു നികുതി പരിഷ്ക്കരണത്തിന്റെ നടപടികൾ ആരംഭിച്ചത് ; | (ബി) | തറവിസ്തീർണ്ണം അടിസ്ഥാനമാക്കി വസ്തു നികുതി നിർണ്ണയിക്കുന്നതിന് 2009-ൽ കേരള പഞ്ചായത്ത് രാജ് ആക്ടിൽ ഭേദഗതി വരുത്തുകയും അതിനനുസൃതമായി 2011-ൽ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു. അതനുസരിച്ച് പരിഷ്കരിച്ച നിരക്കിലുള്ള നികുതി പുതിയ നികുതിദായകർക്ക് 14-01-2011 മുതലും നിലവിലുള്ള നികുതിദായകർക്ക് (വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നികുതി നൽകുന്നവർക്ക്) 01-04-2013 മുതലും ബാധകമാകുന്നതാണ്. |
| (സി) | വസ്തു നികുതി പരിഷ്ക്കരണം യഥാസമയം നടത്താത്തതുമൂലം പഞ്ചായത്തുകൾക്കുണ്ടായ സാമ്പത്തിക നഷ്ടം കണക്കാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കണക്കാക്കുമോ ; | (സി) | ഇപ്പോൾ ആരംഭിച്ചിട്ടുള്ള നികുതി പരിഷ്കരണ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ നഷ്ടം കണക്കാക്കാൻ സാധിക്കുകയുള്ളൂ. |
| (ഡി) | വസ്തു നികുതി പരിഷ്ക്കരണം എന്ന് പൂർത്തിയാക്കുമെന്നാണ് കണക്കാക്കുന്നത് ? | (ഡി) | വസ്തുനികുതി പരിഷ്കരണ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിലെ വസ്തു നികുതി പരിഷ്കരണത്തിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും പുരോഗതി വിലയിരുത്തുന്നതിനുമായി ഓരോ ജില്ലയിലും ജില്ലാതല മോണിറ്ററിംഗ് സെല്ലും, സംസ്ഥാനതലത്തിൽ ഇത് വിലയിരുത്തുന്നതിനായി പഞ്ചായത്ത് ഡയറക്ടറേറ്റിൽ സംസ്ഥാനതല മോണിറ്ററിംഗ് സെല്ലും പ്രവർത്തിച്ചുവരുന്നുണ്ട്. അതനുസരിച്ച് വസ്തുനികുതി പരിഷ്കരണ നടപടികൾ ത്വരിതഗതിയിൽ നടന്നു വരുന്നുണ്ട്. 2014 ജൂലൈ മാസത്തിനകം വസ്തുനികുതി പരിഷ്കരണ നടപടികൾ പൂർത്തീകരിക്കണമെന്ന് എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും പൊതു നിർദ്ദേശം നൽകിയിട്ടുണ്ട്. |

Rajeev

സെക്ഷൻ ഓഫീസർ